# അഞ്ചാമത് അടൽ ബിഹാരി വാജ്‌പേയി അനുസ്മരണ പ്രഭാഷണം

ഡിസംബർ 08, 2025

വിദേശകാര്യ മന്ത്രാലയം 2025 ഡിസംബർ 09 06.00PM ന് അഞ്ചാമത് അടൽ ബിഹാരി വാജ്‌പേയി അനുസ്മരണ പ്രഭാഷണം സംഘടിപ്പിക്കും. "മാറുന്ന ലോകത്ത് നിലനിൽക്കുന്ന പങ്കാളിത്തങ്ങൾ" എന്ന വിഷയത്തിൽ ടെമാസെക് ഹോൾഡിംഗ്സിന്റെ ചെയർമാനും സിംഗപ്പൂർ പ്രധാനമന്ത്രിയുടെ മുതിർന്ന ഉപദേഷ്ടാവുമായ ശ്രീ. ടിയോ ചീ ഹീൻ പ്രഭാഷണം നടത്തും.

2. രാഷ്ട്രത്തിന്റെ വികസനത്തിലും വിദേശകാര്യ മന്ത്രി, പ്രധാനമന്ത്രി എന്നീ നിലകളിൽ ഇന്ത്യയുടെ വിദേശനയം രൂപപ്പെടുത്തുന്നതിലും, മഹത്തായ സംഭാവനകൾ നൽകിയ, അന്തരിച്ച ശ്രീ അടൽ ബിഹാരി വാജ്‌പേയിയെ ആദരിക്കുന്നതിനായാണ് വാർഷിക അനുസ്മരണ പ്രഭാഷണ പരമ്പര നടത്തുന്നത്.

3. പ്രഭാഷണം വിദേശകാര്യ മന്ത്രാലയത്തിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്‌ഫോമുകളിൽ തത്സമയം സംപ്രേഷണം ചെയ്യും.

ന്യൂഡൽഹി

ഡിസംബർ 08, 2025